"ഭരണഭാഷ - മാതൃഭാഷ"

LSGD

തദ്ദേശ സ്വയം ഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.
സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030
ഫോൺ: 0484 - 2422219, ഇ-മെയിൽ : jdlsgdekm@gmail.com

---

തീയതി : 27.11.2024

## തദ്ദേശ സ്വയംഭരണ വകുപ്പ് ഉപജില്ലാതല അദാലത്ത് സമിതി (എറണാകുളം-1) യുടെ 22.11.2024 തീയതിയിലെ 2-ാം നമ്പർ തീരുമാനം

എറണാകുളം ജില്ലയിലെ മരട് നഗരസഭയിൽ 22-ആം ഡിവിഷൻ പരിധിയിൽ കഴിഞ്ഞ 27 വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂൾ 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ 34,42,654/- രൂപ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ആയ വിവരം 12.09.2024-ൽ കത്ത് മുഖേന അറിയിച്ചിട്ടും ടി സ്ഥാപനം ഇതുവരെ തുക ഒടുക്കാത്ത സാഹചര്യത്തിൽ മരട് നഗരസഭ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നോട്ടീസ് 19.10.2024-ൽ കത്ത് മുഖേന നൽകുകയും, KM Act Section 538, 538(A) പ്രകാരമുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിന് കുടിശ്ശിക 3 ദിവസത്തിനുള്ളിൽ ഒടുക്കാവനും നിർദ്ദേശിച്ചിരുന്നു.

എന്നാൽ ടി സ്ഥാപനത്തിൽ നിന്ന് 22.10.2024-ൽ മരട് നഗരസഭയിലേക്ക് അപേക്ഷ സമർപ്പിക്കുകയും, ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂളിന് കെട്ടിട വസ്തു നികുതി കുടിശ്ശികയുമായി ബന്ധപ്പെട്ട് സ്റ്റേ ഓർഡർ നിലനിൽക്കുന്നുണ്ടെന്നും ആയത് പ്രകാരം വസ്തു നികുതി ഡിമാന്റ് നോട്ടീസ് പിൻവലിക്കണമെന്നും, KM Act 538, 538(A) എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികളിൽ നിന്നും ഒഴിവാകണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂളിന് KM Act Section 235(B) -യിൽ ഭേദഗതി വരുത്തി ബഹു കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും ആയത് പ്രകാരം CBSE അഫിലിയേറ്റ് സ്കൂൾ ആയ മരട് ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂളിനു WP(C) 36533/2016-ആം നമ്പർ കേസിലെ 04.04.2017-ലെ സ്റ്റേ ഉത്തരവ് നിലനിൽക്കില്ലായെന്നും കാണിച്ച് മരട് നഗരസഭ 24.10.2024-ൽ ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂളിന് കത്ത് നൽകിയിട്ടുള്ളതാണ്.

ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂൾ 29.10.2024-ന് വീണ്ടും അപേക്ഷ അയക്കുകയും, ടി അപേക്ഷ പ്രകാരം ബഹു. കേരള ഹൈക്കോടതി 4/4/2017-ൽ WPC 36533/2016 റിട്ടിന്റെ അടിസ്ഥാനത്തിൽ കക്ഷി ചേർന്ന 537 സ്കൂളുകളിൽ ക്രമ നമ്പർ 66 നമ്പർ ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂൾ ഉൾപ്പെട്ടിട്ടുള്ളതാണ്. ടി കേസിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ സ്കൂളുകൾക്കും ബഹു. ഹൈക്കോടതി വസ്തു നികുതി കുടിശ്ശിക ഒടുക്കുവരുത്തുന്നതിന് 31.03.2023 വരെ സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണെന്നും. ആയത് പ്രകാരം സി.ബി.എസ്.ഇ അസോസ്സിയേഷനിൽപ്പെട്ട 537 സ്കൂളുകളിൽ ആരുതന്നെ നാളിതുവരെ ടി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഒടുക്കിയിട്ടില്ലായെന്ന് അറിയിക്കുകയും ചെയ്തു, എന്നാൽ ബഹു. ഹൈക്കോടതിയുടെ ടി സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതല്ലായെന്നും ടി സാഹചര്യത്തിൽ 24 മണിക്കൂറിനുള്ളിൽ പ്രസ്തുത കെട്ടിട വസ്തു നികുതി കുടിശ്ശിക ഒടുക്കണമെന്നും, KM Act Section 538, 538(A) പ്രകാരമുള്ള

തുടർ നിയമ നടപടികൾ ഒഴിവാകണമെന്നും കാണിച്ച് മരട് നഗരസഭ ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂളിന് 02.11.2024-ന് വീണ്ടും കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 235 (എ)(ബി) 28.03.2023-ൽ പ്രാബല്യത്തിൽ വന്ന ഭേദഗതി പ്രകാരം ചുവടെ വിവരിക്കുന്നവയാണ്.

"കേന്ദ്ര സർക്കാർ വകയോ, സംസ്ഥാന സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ വിദ്യാഭ്യാസ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതുമായ ഹോസ്റ്റൽ കെട്ടിടങ്ങൾക്കും" വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

മുമ്പ് ഇത് സർക്കാർ ഉടമസ്ഥതയിലോ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയോ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമേ വസ്തു നികുതിയിളവ് ഉണ്ടായിരുന്നുള്ളൂ. ഇതിന് പുറമേ ഹയർസെക്കന്ററി വരെ ഗവൺമെന്റിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നികുതിയിളവുണ്ടായിരുന്നു.

ഈ വിഷയത്തിൽ ഗ്രിഗോറിയൻ പബ്ലിക്ക് സ്കൂൾ, ബഹു കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPCC No. 40819/2024-ൽ 19/11/2024-ലെ ഇടക്കാല ഉത്തരവിൽ നഗരസഭയുടെ നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ്. വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള സാഹചര്യത്തിൽ അപേക്ഷ തുടർ നടപടികൾ കൂടാതെ തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

രാജേഷ്.വി.എസ്
കൺവീനർ
തദ്ദേശസ്വയംഭരണ വകുപ്പ്
ഉപജില്ലാതല അദാലത്ത് സമിതി
(സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്)
എറണാകുളം